# മൂല്യമുള്ള അടിമ

പുനരാഖ്യാനം: അബ്ദുല്ല പേരാമ്പ്ര

ശാഹെർ ബിൻ ഹറം എന്ന പേരിൽ ഒരു ഗ്രാമീണനുണ്ടായിരുന്നു. കച്ചവടമായിരുന്നു അയാളുടെ തൊഴിൽ. വിദൂര ദേശങ്ങളിൽ നിന്നുള്ള ചില കച്ചവട വസ്തുക്കൾ കൊണ്ടുവരിക അയാളുടെ പതിവാണ്. ഇതിൽ ചിലത് അയാൾ നബിതിരുമേനിക്കും നൽകും. പകരമായി നബിതിരുമേനി ചില സമ്മാനങ്ങൾ തിരിച്ച് അയാൾക്ക് കൊടുക്കുകയും ചെയ്യും.

വളരെ സ്നേഹസമ്പന്നനും മതഭക്തനുമായിരുന്നു ഈ മനുഷ്യൻ. നബിക്ക് ഇയാളെ വലിയ കാര്യമായിരുന്നു.

ഒരിക്കൽ നബി ചന്തയിൽ ചെന്നപ്പോൾ, ശാഹെർ ബിൻ ഹറം കച്ചവട തിരക്കിലാണ്. സുഹൃത്തിനെ ഒന്നു രസിപ്പിക്കുക എന്ന ലക്ഷ്യംവെച്ച് നബിതിരുമേനി അയാളറിയാതെ പിറകിൽ ചെന്ന് കെട്ടിപ്പിടിച്ചു. ശാഹെർ ബിൻ ഹറമിന് ആളെ മനസ്സിലായി. എങ്കിലും നബി അയാളെ തന്റെ കരവലയത്തിൽനിന്നും മോചിപ്പിക്കാതെ കൂടിനിന്നവരോട് ഇങ്ങനെ തിരക്കി:

“ഈ കൂട്ടത്തിൽ ആരുണ്ട് ഈ അടിമയെ വാങ്ങാൻ?”

അപ്പോൾ ഉറക്കെ ചിരിച്ചുകൊണ്ട് അയാൾ പറഞ്ഞു:

“അല്ലയോ പ്രവാചകരേ, എന്നെ ആരെങ്കിലും നല്ല വില തന്ന് വാങ്ങുമെന്ന് വിചാരിക്കുന്നോ!”

അതുകേൾക്കേണ്ട താമസം നബിതിരുമേനി പറഞ്ഞതിങ്ങനെയാണ്:

“ജനങ്ങൾക്ക് താങ്കളെ വേണ്ടെങ്കിൽ, അല്ലാഹുവിന് വേണം. താങ്കൾ വിലമതിക്കാനാവാത്ത രത്നത്തിന് തുല്യമാണ്.”

